## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 244

10.06.2013 - ൽ മറുപടിയ്ക്ക്

### രാത്രികാലങ്ങളിലെ പോസ്റ്റുമോർട്ടം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് 24 മണിക്കൂറും പോസ്റ്റുമോർട്ടം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ? | (എ) | മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവദാനം സുഗമമാക്കുന്നതിനായി ഘട്ടം ഘട്ടമായി രാത്രി പോസ്റ്റ്മോർട്ടം നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തീരുമാനത്തിന് മുൻപ് പോലീസ് സർജൻമാരുടേയും ഫോറൻസിക് വിദഗ്ധരുടേയും അഭിപ്രായം തേടിയിരുന്നോ ; | (ബി) | തേടിയിരുന്നു |
| (സി) രാവിലെ 7 മണി മുതൽ രാത്രി 7 മണി വരെ പോസ്റ്റുമോർട്ടം നടത്തണമെന്ന നിർദ്ദേശം കേരള മെഡിക്കോലീഗൽ സൊസൈറ്റി സർക്കാരിന് സമർപ്പിച്ചിരുന്നോ; എങ്കിൽ ഇത് പരിശോധിച്ചിരുന്നോ; വ്യക്തമാക്കാമോ | (സി) | ലഭിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) പോസ്റ്റുമോർട്ടം സംബന്ധിച്ച ആധികാരിക രേഖയായ പ്രൊഫ.ജയസിങ്ങ് മോഡിയുടെ ഗ്രന്ഥത്തിൽ നിറവ്യത്യാസം തിരിച്ചറിയാൻ കഴിയുന്നത് പകലായതിനാൽ പകൽ പോസ്റ്റുമോർട്ടം നടത്തണമെന്ന് വ്യക്തമാക്കിയിട്ടുള്ള വിവരം സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ ; | (ഡി) & (ഇ) | ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായി, നിയമ വകുപ്പ് സെക്രട്ടറിയും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും അംഗങ്ങളായി രൂപീകരിക്കപ്പെട്ട സമിതി ഫോറൻസിക് വിദഗ്ധരുമായും ആരോഗ്യ-മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ വിദഗ്ധരുമായും കൂടിയാലോചിച്ച് തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പകൽ വെളിച്ചത്തിന് സമാനമായ വെളിച്ചവും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ആവശ്യത്തിന് ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യഘട്ടമായും, ജനറൽ ആശുപത്രികളിൽ അടുത്ത ഘട്ടമായും, ജില്ലാ ആശുപത്രികളിൽ അന്തിമ ഘട്ടമായും രാത്രി പോസ്റ്റ്മോർട്ടം നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളത്. |
| (ഇ) എങ്കിൽ രാത്രിയിലുള്ള പോസ്റ്റുമോർട്ടം, പോസ്റ്റുമോർട്ടം റിപ്പോർട്ടുകളുടെ കൃത്യതയെയും കേസുകളുടെ വിചാരണയെയും പ്രതികൂലമായി ബാധിക്കുമെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ